പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2583 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികവിഭാഗങ്ങൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. പി .എം. എ. സമീർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികവിഭാഗങ്ങൾക്ക് വീടുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

മറുപടി: പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പട്ടികവിഭാഗങ്ങളിലെ അർഹരായ എല്ലാ ഭവനരഹിതർക്കും വീട് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ എല്ലാ ഭവനരഹിതർക്കും പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മറുപടി: നടപ്പ് സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ